എമ്മാവൂസ് വചനദൂത്

Vol. IX Issue :4



# കാഴ്ച തെളിയട്ടെ, കണ്ണു തുറക്കട്ടെ

ബ്രദർ ഡോൺ മാതിരപ്പള്ളിയിൽ

*(യോഹ. 9:1–12, 35–38 (1–38)*

*2 കൊരി. 7: 1–11, നിയമാ. 5:6–16*

**ലോ**കത്തിന്റെ പ്രകാശമായി കടന്നുവന്ന ഈശോ തെളിച്ചുനൽകിയ വിശ്വാസ ദീപത്താൽ സഭ വളർന്നു. അനേക രക്തസാക്ഷികളിലൂടെയും വിശുദ്ധാത്മാക്കളിലൂടെയും സഭ ഫലം ചൂടിയതിനെയനുസ്മരിക്കുന്ന ഫലാഗമനകാലം അഥവാ കൈത്താക്കാലം മൂന്നാം ഞായറാഴ്ചയായ ഇന്ന്, ജന്മനാ അന്ധനായ ഒരുവന് കാഴ്ച നൽകുന്ന ഭാഗമാണ് വിചിന്തനത്തിനായി സഭാ മാതാവ് നൽകിയിരിക്കുന്നത്. കാലിക പ്രസക്തവും ആത്മശോധനാപരവുമായ ഒരുപിടി ചോദ്യങ്ങൾ ഓരോ ക്രിസ്ത്യാനിയുടെയും വിശ്വാസജീവിതത്തിലേക്ക് വചനം ഉയർത്തുന്നുണ്ട്.

ഒരു അന്ധന്റെ അന്ധതമാറ്റുന്ന സംഭവമാണ് പ്രത്യക്ഷത്തിൽ എങ്കിലും 3 വിധത്തിലുള്ള അന്ധതയെ നമുക്ക് സുവിശേഷത്തിൽ കണ്ടെത്താനാകും. ഒന്നാമതായി, അന്ധയാചകന്റെ 'അന്ധതയെന്ന' ശാരീരിക അവസ്ഥ തന്നെ. മറ്റുള്ളവരെല്ലാം വർണശബളമായ ലോകം കണ്ടാസ്വദിച്ച്, ആഘോഷിച്ച് മുന്നേറുമ്പോൾ ഈ മനുഷ്യൻ മാത്രം ഒന്നും കാണാനാകാതെ ദൈവാലയ പരിസരത്തും, തെരുവുകളിലും യാചിച്ച് ജീവിതം മുൻപോട്ട് കൊണ്ടുപോകാൻ കഷ്ടപ്പെടുന്നു. അവന് ഈ അന്ധത വലിയ സഹനം തന്നെയാണ്. എന്നാൽ ഈശോ അന്ധതയെന്ന അവസ്ഥയെ പൂർണമായും എടുത്തുമാറ്റി അവനിൽ ദൈവീക തിരിച്ചറിവു നൽകുന്നു. അവൻ ദൈവത്തെ തിരിച്ചറിഞ്ഞുവെന്ന് മാത്രമല്ല ധൈര്യസമേതം പ്രഘോഷിക്കുകയും ചെയ്യുന്നുണ്ട്. ദൈവീകപ്രവൃത്തി അവനിൽ പ്രകടമാകാനായിരുന്നു അവനിത്ര നാളും സഹിച്ചത്. ജീവിതത്തിലുണ്ടാകുന്ന സഹനങ്ങളും ബുദ്ധിമുട്ടുകളും അംഗീകരിക്കുവാനും തളരാതെ അതിനപ്പുറമുള്ള ദൈവീകപദ്ധതിയിലേക്ക് എത്തിച്ചേരുവാനും സാധിക്കണം. ഇക്കഴിഞ്ഞ മെയ് 28-ന് എറണാകുളം ജില്ലയുടെ അസിസ്റ്റന്റ് കളക്ട

റായി ചുമതലയേറ്റെടുത്തത് പ്രാഞ്ജാൽ പാട്ടീൽ എന്ന മഹാരാഷ്ട്രയിൽ നിന്നുള്ള അന്ധയുവതിയാണ്. ഉൾക്കാഴ്ചയുടെ കാര്യത്തിൽ കാഴ്ചയുള്ളവർപോലും ഏറെ പ്രയാസപ്പെടുന്ന സിവിൽ സർവ്വീസ് പരീക്ഷയിൽ 124-ാം റാങ്കോടെ പാസ്സാവുകയും എറണാകുളത്തെ ഭരിക്കാൻ തയ്യാറാകുകയും ചെയ്ത ധീരവനിത നമുക്കൊക്കെ ഒരു മാതൃകയാണ്.

രണ്ടാമതായി, കാഴ്ചയുണ്ടായിട്ടും കാണാൻ കഴിയാത്ത യഹൂദ ജനത്തിന്റെ അന്ധതയെക്കുറിച്ചൊന്ന് ചിന്തിക്കാം. അന്ധയാചകനെ അനേകർ കണ്ടിട്ടുണ്ട്; എന്നാലവരെല്ലാം അവനിൽ വിധികൽപ്പിച്ച് കടന്നുപോയി. കാരണം അവർ അജ്ഞരായിരുന്നു. അവരിൽ കാരുണ്യം വറ്റിപ്പോയിരുന്നു. പഴയനിയമത്തിൽ നിയമാവർത്തനപുസ്തകം 5:9-ൽ ഇപ്രകാരം പറയുന്നു. 'നിന്റെ ദൈവവും കർത്താവുമായ എന്നെ വെറുക്കുന്നവരുടെ മൂന്നും നാലും തലമുറകൾവരെയുള്ള മക്കളെ അവരുടെ പിതാക്കന്മാരുടെ തിന്മകൾ നിമിത്തം ശിക്ഷിക്കുന്ന അസഹിഷ്ണുവായ ദൈവമാണ് ഞാൻ എന്ന്. ഈ വചനത്തിന്റെയടിസ്ഥാനത്തിൽ യഹൂദർ എല്ലാ സഹനങ്ങളെയും വ്യാധികളുമൊക്കെ പിതാക്കന്മാരുടെ തിന്മയെപ്രതി എന്ന് വിധികൽപ്പിച്ചു പോന്നിരുന്നു. ഈയൊരു അജ്ഞത നിമിത്തമാണ് ശിഷ്യന്മാർ പോലും ഈശോയോട് ആരുടെ പാപം നിമിത്തമാണ് ഇവനിങ്ങനെ വന്നത് എന്ന് ചോദിക്കുന്നത്. പഴയ നിയമത്തിന്റെ പൂർത്തീകരണമായ ഈശോ ഇവിടെ വ്യക്തമായ തിരുത്തൽ നൽകുന്നു. ആരുടെയും പാപം നിമിത്തമല്ല, ദൈവത്തിന്റെ പ്രവൃത്തി ഇവനിൽ പ്രകടമാകേണ്ടതിനാണ് ഇവനീ സഹനം അനുവദിക്കപ്പെട്ടത് എന്ന്. പൂർവ്വീകരുടെ പാപത്തെ പ്രതി അനേകതലമുറകളെ ശിക്ഷിക്കാൻ ഒരുങ്ങിനിൽക്കുന്നവനല്ല, മറിച്ച് അനുതപിക്കുന്നവരെ അനുഗ്രഹിക്കുന്ന സ്നേഹസമ്പന്നനും കാരുണ്യവാനുമാണ് നമ്മുടെ ദൈവം. നിയമാവർത്തനം 5:10-ൽ "എന്നെ സ്നേഹിക്കുകയും എന്റെ കൽപന പാലിക്കുകയും ചെയ്യുന്നവരോട് 'ആയിരം' തലമുറ വരെ ഞാൻ കാരുണ്യം കാണിക്കും.'

സ്നേഹത്തിന്റെ, കാരുണ്യത്തിന്റെ പ്രവർത്തികൾ ചെയ്യാനാണ് ഈശോയും നമ്മെ പഠിപ്പിച്ചത്. എന്നാലതൊക്കെ സൗകര്യപൂർവ്വം മറന്ന് മറ്റുള്ളവരെയൊക്കെ വിധികൽപ്പിച്ച് സ്റ്റാറ്റസ്കോ നിലനിർത്തി മുന്നോട്ട് പോകാനല്ലേ ഇന്നത്തെ ക്രിസ്ത്യാനിയുടെ തത്രപ്പാട് എന്ന് ചിന്തിച്ചുനോക്കണം. അന്യന്റെ വേദനയ്ക്കു മുമ്പിൽ അടയാത്ത കണ്ണുമായി ചെന്ന് കാരുണ്യം ചൊരിയാൻ സാധിക്കുന്നുണ്ടോ? കടമ്മനിട്ടയുടെ ഉപദേശം എന്ന കവിതയിലെ ഏതാനും വരികളിങ്ങനെയാണ്.

കണ്ണുവേണം ഇരുപുറമെപ്പോഴും
കണ്ണുവേണം മുകളിലും താഴെയും
കണ്ണിലെപ്പോഴും കത്തിജ്വലിക്കമുൾ
ക്കണ്ണുവേണം അണയാത്ത കണ്ണ്

ഇങ്ങനെ അണയാത്ത കണ്ണുണ്ടായിരുന്നതുകൊണ്ടാണ് മദർ തെരെസയും ഫാദർ ഡാമിയനുമൊക്കെ വിശുദ്ധരായി നമ്മുടെ മുമ്പിലുള്ളത്. ഇവരെ സംബന്ധിച്ചിടത്തോളം അണയാത്ത കണ്ണ് ഈശോ തന്നെയായിരുന്നു. വി. ഫൗസ്റ്റീന ഇങ്ങനെ പറയുന്നുണ്ട്. "മറ്റുള്ളവരുടെ വേദനകൾ എന്റെ ഹൃദയത്തിലേക്ക് നിക്ഷേപിച്ചാൽപോലും ഞാൻ എന്റെ ഹൃദയം അടയ്ക്കില്ല, എന്റെ സഹോദരസ്നേഹത്തിന്റെ പ്രേരകശക്തി ഈശോ മാത്രമാണ് എന്ന്. പ്രിയമുള്ളവരേ, ഈശോയെ പ്രതി സ്നേഹത്തിന്റെയും കാരുണ്യത്തിന്റെ വക്താക്കളാകാനുള്ള ആഹ്വാനമാണ് വചനം നൽകുന്നത്. നാമിത് ചെയ്യാതെ വന്നാൽ ഇനിയുമനേകം മുരുകന്മാർ നമ്മുടെ റോഡുകളിൽ അപകടപ്പെട്ട് ചികിത്സ കിട്ടാതെ മരിക്കും, ഒരുപാട് ആദിവാസി 'മധു'-മാർ വിശന്നും മർദ്ദനമേറ്റും മരിക്കും, ഇതൊക്കെ സംഭവിച്ചിട്ട് ഒരു വർഷം ഇനിയും തികഞ്ഞിട്ടില്ല എന്നത് മറക്കാതിരിക്കാം.

മൂന്നാമതായി ഫരിസേയ പ്രമാണിമാരുടെ അന്ധതയെക്കുറിച്ച് വചനം പറഞ്ഞുവയ്ക്കുന്നു. കണിശവും ബാലിശവുമായ നിയമാനുഷ്ഠാനങ്ങളിൽ തങ്ങളുടെ അധികാരഭ്രമവും സ്വാർത്ഥതയും ഒളിപ്പിച്ചുവച്ച്, സത്യത്തിനും നീതിക്കും നേരെ മുഖം തിരിക്കുന്ന ആത്മീയ അന്ധതയാണിത്. തങ്ങളുടെ മേൽക്കോയ്മ നഷ്ടമാകാതിരിക്കാൻ മറ്റെല്ലാത്തിനെയും നിഷേധിക്കുകയും തന്ത്രപൂർവ്വം ഒഴിവാക്കുകയും ചെയ്യുന്ന ഫരിസേയരെ ഇന്നിന്റെ രാഷ്ട്രീയ പ്രവർത്തകരുടെ മുന്നോടിയായി കരുതേണ്ടി വരും. സത്യത്തിന് സാക്ഷ്യം നൽകിയ അന്ധനെ ഫരിസേയർ ദൈവാലയത്തിൽനിന്നു പുറത്താക്കി. എറണാകുളത്ത് കലാലയത്തിൽ പാർട്ടി പോസ്റ്ററിന്റെ പേരിൽ ഒരു അഭിമന്യു, കണ്ണൂരിലെ കരയുന്ന അമ്മമാർ എന്നിങ്ങനെ അനേകമുണ്ട് നമ്മുടെ സമൂഹത്തിലും ഫരിസേയ അന്ധതയുടെ ഫലങ്ങൾ.

പ്രിയമുള്ള സഹോദരങ്ങളെ, നാം കണ്ണ് തുറന്ന് കാണേണ്ട സമയമായിരിക്കുന്നു. തിരുവചനത്തിൽ അന്ധന്റെ കണ്ണ് തുറന്നപ്പോളവൻ യേശുവിനെ തിരിച്ചറിഞ്ഞു, അവിടുത്തെ പ്രഘോഷിപ്പിച്ചു. നമുക്ക് കാഴ്ചയുണ്ട്. യേശു നമ്മുടെ കൂടെയുണ്ട്, അവനെ തിരിച്ചറിയാൻ നമുക്ക് സാധിക്കുന്നുണ്ടോ? ഇനി തിരിച്ചറിഞ്ഞുവെന്നുവരികിലും നമ്മുടെ ജീവിതം കൊണ്ട് അവിടുത്തെ പ്രഘോഷിക്കുന്നുണ്ടോ? പ്രഘോഷിക്കുന്നുവെങ്കിൽ നമ്മെയും കാത്തിരിക്കുക സഹനങ്ങളും പുറത്താക്കലുകളും തന്നെയായിരിക്കും. അതുകൊണ്ടാണ് തിരുസഭയിൽ ഇത്രമാത്രം രക്തസാക്ഷികൾ ഉണ്ടായിട്ടുള്ളത്. വിശ്വാസത്തെ പ്രതി സഹനമേറ്റെടുക്കുന്നവരോടൊപ്പം ക്രിസ്തുവുണ്ടാകുമെന്ന ഉറപ്പും ഇന്നത്തെ വചനഭാഗം നമുക്ക് തരുന്നുണ്ട്. "അവർ അവനെ പുറത്താക്കി എന്നു കേട്ടപ്പോൾ ഈശോ അവന്റെ അടുത്തു ചെന്ന് സ്വയം വെളിപ്പെടുത്തി പഠിപ്പിക്കുന്നത് കാണാനാകും. നിന്റെയുള്ളിലെ അന്ധകാരത്തെയുപേക്ഷിച്ച് പ്രകാശമായ യേശുവിന് സാക്ഷ്യം വഹിക്കാനുള്ള വലിയ വെല്ലുവിളിയാണ് വചനം മുന്നോട്ട് വയ്ക്കുന്നത്. 1 യോഹ. 1:7-ൽ പറയുന്നു. "ദൈവം പ്രകാശമാണ്, ദൈവത്തിൽ അന്ധകാരമില്ല. അവിടുത്തോട് കൂട്ടായ്മയുണ്ടെന്ന് പറയുകയും അന്ധകാരത്തിൽ നടക്കുകയും ചെയ്യുന്നവൻ വ്യാജം പറയുന്നു.". നമ്മുടെ ഉള്ളിലെ അന്ധത മാറ്റാൻ ക്രിസ്തുവാകുന്ന പ്രകാശത്തെ ഹൃദയത്തിലേക്ക് സ്വീകരിക്കാം. നമ്മുടെ കാഴ്ച തെളിയിച്ചു തരാൻ അവിടുത്തോട് പ്രാർത്ഥിക്കാം. കാഴ്ച തെളിയിക്കുന്ന കണ്ണു തുറപ്പിക്കുന്ന വി.കുർബ്ബാനയിൽ നമ്മെത്തന്നെ സമർപ്പിക്കാം. അപ്പോൾ ചുറ്റുമുള്ളവരെ വിധിക്കാതെ, സ്വാർത്ഥതയില്ലാതെ, കാരുണ്യത്തിന്റെ കണ്ണുള്ളവരാകാൻ സാധിക്കും. സഹനങ്ങളിൽ ദൈവീകപദ്ധതി ദർശിക്കാൻ പര്യാപ്തരാകും. ഈ കൃപകൾക്കായി ദൈവസന്നിധിയിൽ പ്രാർത്ഥിക്കാം. ദൈവം ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.